റിവർ മാനേജ്മെന്റ് ഫണ്ടിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ

120 (3867) ശ്രീ. വി. വി. രാജേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കല്യാശ്ശേരി മണ്ഡലത്തിൽ റിവർ മാനേജ്മെന്റ് ഫണ്ടിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ എന്തൊക്കെയാണ്; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ ഭരണാനുമതി ലഭിച്ചിട്ടും പൂർത്തിയാക്കാത്തവ ഏതൊക്കെയാണ്;

(സി) ഭരണാനുമതി ലഭിക്കുന്നതിനായി കല്യാശ്ശേരി മണ്ഡലത്തിൽ നിന്നും പുതിയതായി എന്തെങ്കിലും പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കല്യാശ്ശേരി മണ്ഡലത്തിൽ റിവർ മാനേജ്മെന്റ് ഫണ്ടിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

ക്രമ നമ്പർ	പ്രവൃത്തിയുടെ പേര്	അടങ്കൽ തുക
1	കടന്നപ്പള്ളി പാണപ്പുഴ ഗ്രാമപഞ്ചായത്തിലെ ആലക്കാടിൽ പാണപ്പുഴയുടെ വലതുകര സംരക്ഷണം	13 ലക്ഷം
2	കടന്നപ്പള്ളി പാണപ്പുഴ ഗ്രാമ പഞ്ചായത്തിലെ കാരക്കുപാലത്തിനു മുകൾ ഭാഗത്തായി പാണപ്പുഴയുടെ വലതുകര സംരക്ഷണ പ്രവൃത്തി	17.75 ലക്ഷം
3	മാടായി മാട്ടൂൽ ഗ്രാമ പഞ്ചായത്തിൽ വാടിക്കൽ ബോട്ട് ജെട്ടിക്കു താഴെഭാഗത്തായി കുപ്പംപുഴയുടെ വലതുകര സംരക്ഷണ പ്രവൃത്തി	66 ലക്ഷം
4	കടന്നപ്പള്ളി പാണപ്പുഴ ഗ്രാമ പഞ്ചായത്തിൽ പറവൂരിൽ പറവൂർ എ.എൽ.പി. സ്കൂളിന് എതിർവശത്തായി പാണപ്പുഴയുടെ വലതുകര സംരക്ഷണ പ്രവൃത്തി	14.3 ലക്ഷം
5	കടന്നപ്പള്ളി പാണപ്പുഴ ഗ്രാമപഞ്ചായത്തിൽ പറവൂരിൽ പുളിയൂർ കാളിക്ഷേത്രത്തിനു സമീപം പാണപ്പുഴയുടെ വലതുകര സംരക്ഷണം	15.5 ലക്ഷം

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കല്ല്യാശ്ശേരി മണ്ഡലത്തിൽ റിവർ മാനേജ്മെന്റ് ഫണ്ടിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച മുഴുവൻ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്.

(സി) സർക്കാരിൽ ലഭ്യമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly